ഗവ: എൽ.പി. എസ് വെളിയന്നൂർ

email. veliyannoorgovtlps@gmail.com

# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

വെള്ളനാട് ഗ്രാമപഞ്ചായത്തിലെ വെളിയന്നൂർ ഗ്രാമത്തിൽ മാറനല്ലൂരിന് തെക്ക് വെളിയന്നൂർ കുളക്കോട് റോഡിന് വടക്ക് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. 1948-ൽ മഹാവിഷ്ണുക്ഷേത്രത്തിന് സമീപം കുറിച്ചിമഠത്തിലെ മാളികയിൽ ഒരു കുടിപ്പള്ളിക്കൂടമായാണ് പ്രവർത്തനമാരംഭിച്ചത്. തിരുവിതാംകൂർ ഭരണ കർത്താക്കളായിരുന്ന ശ്രീമാൻ പട്ടം താണുപിള്ള ശ്രീ. ശങ്കർ എന്നിവരുടെ സഹായം വിദ്യാലയ രൂപീകരണത്തിന് ലഭിച്ചു. ഇതിനു വേണ്ടി പ്രവർത്തിച്ചത് വെളിയന്നൂർ സ്വദേശിയും വിദ്യാസമ്പന്നനുമായ ശ്രീ. രാമകൃഷ്ണപിള്ളയായിരുന്നു.

താരതമ്യേന വിദ്യാഭ്യാസ നിലവാരം കുറഞ്ഞ ഈ പ്രദേശത്തെ വൈജ്ഞാനിക സാംസ്കാരിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ പുരോഗമന വാദികളായ ഒരുകൂട്ടം ആളുകളുടെ സംഘടിതാരംഭമാണ് സ്കൂളിന്റെ ഉത്ഭവത്തിന് കാരണം. ഇവിടെ പഠിച്ച നിരവധി ആളുകൾ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിയിരിക്കുന്നു

2025-26 അധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം

| | നഴ്സറി | | 1 | | 2 | | 3 | | 4 | | |
|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | Total |
| SC | - | 1 | - | - | 1 | 1 | 0 | 1 | 0 | 1 | 4 |
| OBC | 6 | 7 | - | - | 0 | 2 | 0 | 3 | 4 | 1 | 10 |
| OEC | - | - | 1 | 1 | 1 | 2 | 2 | 4 | 4 | 5 | 20 |
| General. | 6 | 7 | 3 | 3 | 6 | 6 | 5 | 5 | 6 | 6 | 48 |
| ആകെ | 12 | 15 | 4 | 4 | 8 | 11 | 7 | 13 | 14 | 13 | 74 |

ജീവനക്കാർ

| വിഭാഗം | ആകെ | ആൺ | പെൺ |
|---|---|---|---|
| പ്രഥമാധ്യാപിക | 1 | - | 1 |
| അധ്യാപകർ | 3 | 1 | 2 |
| PTCM | 1 | 1 | - |
| നഴ്സറി ടീച്ചർ | 2 | - | 2 |
| നഴ്സറി ആയ | 1 | - | 1 |
| പാചകക്കാരി | 1 | - | 1 |

കുട്ടികളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അനായാസമായി ഭാഷയിലെ ലേഖനം, വായന തുടങ്ങിയവ വികസിപ്പിക്കുന്നതിന് പിന്നാക്കക്കാരെ മുൻ നിരയിലെത്തിക്കുന്നതിനുമായി ഒപ്പം, ശാസ്ത്രാഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ശാസ്ത്രകൗതുകം, ഗണിതം ലളിതവും രസകരവുമായി കൈകാര്യം ചെയ്യുന്നതിനും താത്പര്യം വർദ്ധിപ്പിക്കുന്നതിനുമായി രസഗണിതം. ഇംഗ്ലീഷ് ഭാഷാനൈപുണ്യ വികസനത്തിന് ഹലോ എന്നീ പ്രവർത്തന പാക്കേജുകൾ നടപ്പിലാക്കുന്നു.

ഉദ്ദേശ്യം

ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ എഴുത്ത് വായന [illegible] തുടങ്ങിയ പ്രാഥമിക ഘട്ടങ്ങളിൽ മുന്നിലെത്താനും, സ്വതന്ത്ര വായനയിലേക്കും രചനയിലേക്കും എത്തിച്ചേരുന്നതിനായി രൂപപ്പെടുത്തിയ പ്രവർത്തനം. എല്ലാ പ്രവൃത്തി ദിനങ്ങളിലും അര മണിക്കൂർ വീതം പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുന്നു.

ഗുണഭോക്താക്കൾ : മൂന്ന് നാല് ക്ലാസ്സുകളിലെ ഭാഷാപിന്നാക്കക്കാരായ കുട്ടികൾ.

നിർവ്വഹണ ചുമതല : 3, 4 ക്ലാസ്സുകളിലെ മലയാള അധ്യാപകർ

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|
| 1. പ്രീടെസ്റ്റ് നടത്തി കുട്ടികളെ തെരഞ്ഞെടുക്കൽ | 2025 ജൂൺ 3 മുതൽ 15 വരെ | 1. അനുയോജ്യരായ കുട്ടികളെ കണ്ടെത്തുന്നതിന് |
| 2. കുട്ടികൾക്ക് പ്രത്യേകം ഹാജർ പുസ്തകം തയാറാക്കൽ | | 2. ഹാജർ പഠന തുടർച്ച എന്നിവ ഉറപ്പാക്കൽ |
| 3. പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ നോട്ട്ബുക്ക് തയ്യാറാക്കി നൽകൽ | | കൃത്യത, തുടർച്ച, മികവ് എന്നിവ വിലയിരുത്താൻ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിന്. |

4. വീഡിയോ ബാലപ്രസിദ്ധീകരണങ്ങൾ, വായനാ സാമഗ്രികൾ ഇവയുടെ സമാഹരണം.

5. വീഡിയോ, പോർട്ട്ഫോളിയോ, ബാലസാഹിത്യപ്രസിദ്ധീകരണങ്ങൾ എന്നിവ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ നടപ്പാക്കൽ.

4/5 ക്ലാസ്സുകൾക്ക് വീഡിയോ ദീപിക എന്നിവ കാണാനുള്ള അവസരങ്ങൾ നൽകിയും പറഞ്ഞും നാടകീയമായും അവതരിപ്പിക്കൽ. അനുഭവം, തിരിച്ചറിവ് എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ

6. നിലവാരപരിശോധന

7. പുനർ ഗ്രൂപ്പിംഗ്.

8. കഥ. കവിത. നാടകം ഗ്രൂപ്പ് വായന.

9. ചെറുരചനകൾക്ക് അവസരം നല്കൽ

10. ചെറുകുറിപ്പുകൾ/ആസ്വാദനം, പ്രസംഗം/ഡയറി

11. ബാലസഭ/ജനറൽ PTA. Class PTA.

6. ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ മൂല്യനിർണയം നിലവാരത്തിലെത്തിയവർ, കൂടുതൽ പിന്തുണ ആവശ്യമുള്ളവർ എന്നിങ്ങനെ വ്യത്യസ്ത ഗ്രൂപ്പുകളാക്കി തുടർ പഠനപ്രവർത്തനങ്ങൾ പുനർക്രമീകരിക്കൽ.

7. മെച്ചപ്പെട്ട നിലവാരത്തിലെത്തിയവർക്ക് വായനാസാമഗ്രികൾ നൽകി മെച്ചപ്പെട്ട നിലയിലേക്ക് നയിക്കുന്നതിന്

| | | |
|---|---|---|
| 6. വിവിധ ശാസ്ത്രജ്ഞരുടെ പ്രശ്നാപഗ്രഥനത്തിൽ കേന്ദ്രീകരിക്കുന്ന ചർച്ചകളിലൂടെ ഉരുത്തിരിയുന്ന കുട്ടികളുടെ നിഗമനങ്ങൾ ക്രോഡീകരിച്ച് പരീക്ഷണങ്ങൾ നിർദ്ദേശിക്കുന്നു. ആവശ്യമായ സാമഗ്രികൾ തെരഞ്ഞെടുക്കുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് വസ്തുക്കളുപയോഗിച്ച് പരീക്ഷണത്തിലേർപ്പെടാൻ കുട്ടിക്ക് അവസരം ഒരുക്കുന്നു.<br>7. പ്രവർത്തനങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തുന്നു.<br>8. അധ്യാപകൻ ഇടപെട്ട് ക്രമപ്പെടുത്തുന്ന (പ്രശ്നം, ഊഹം, തെരഞ്ഞെടുത്ത പരീക്ഷണം, സാമഗ്രികൾ, പ്രവർത്തനരീതി, പരീക്ഷണഫലം, നിഗമനം. etc. ഉൾപ്പെടുത്തി എഴുതുന്ന) പ്രവർത്തനങ്ങൾ നടത്തുന്നു. | | 6.7.8. കുട്ടികളിൽ ശാസ്ത്രീയചിന്ത വളർത്തൽ ചുറ്റുപാടുകളെ ശാസ്ത്രീയമായ വസ്തുതകൾ മനസ്സിലാക്കുക പ്രവർത്തനങ്ങളിലൂടെ ശാസ്ത്രജ്ഞരാകുവാൻ പ്രാപ്തരാക്കുക. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണങ്ങളിലേർപ്പെടുന്നതിനും, അവ നിരീക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തുന്നതിനും കഴിവുണ്ടാക്കുക. പരീക്ഷണത്തിനാവശ്യമായ സാധനങ്ങൾ തെരഞ്ഞെടുത്ത് കൃത്യതയോടും സൂക്ഷ്മതയോടും കൈകാര്യം ചെയ്യുന്നതിന് ആത്മവിശ്വാസം വളർത്തുക. |
| 9. വിലയിരുത്തൽ, പ്രകടനം നിരവധി പരീക്ഷണങ്ങളിലൂടെ കടന്നുവന്ന കുട്ടികൾക്ക് ഒരു ശാസ്ത്രദിവസ പ്രകടനത്തിന് അവസരം നൽകുന്നു. | | 9. പ്രതിദിനത്തിലെ വാരത്തിൽ നിന്ന് പരിശോധിക്കൽ. പ്രവർത്തനത്തിന്റെ ഗുണഫലം രക്ഷിതാക്കളുമായും പൊതുസമൂഹവുമായും ബോധ്യപ്പെടുത്തുക. |

| | | |
|---|---|---|
| • കുട്ടികൾക്ക് പഠിക്കാനും സ്വയം ചെയ്യുന്നതിനും ഒരു പ്ലാറ്റ്ഫോം ഒരുക്കുന്നു.<br>• ഓരോ ക്ലാസ്സിലുമുള്ള എല്ലാ കുട്ടികൾക്കും പഠനങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. അധ്യാപകരുടെ മേൽനോട്ടത്തിൽ വിവിധ പഠനങ്ങൾ നടത്തുന്നതിന് സ്വയം ചെയ്യാനും അതിനോടനുബന്ധമായി തന്ത്രങ്ങളും വിശദാംശങ്ങളും വിശകലനം ചെയ്യാൻ അവസരം നൽകുന്നു. | ചെക്ക്ലിസ്റ്റ് | |

# ശാസ്ത്ര ഒരുക്കം

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്കുപരിയായി ശാസ്ത്ര പരീക്ഷണങ്ങൾക്ക് സാധ്യത ഒരുക്കുകയും കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുകയും പരീക്ഷണങ്ങളിലെ കൗതുകവും സന്തോഷവും ഉളവാക്കുകയാണ് പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം.

ഉപഭോക്താക്കൾ : ഒന്നുമുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾ.

നിർവ്വഹണം : സയൻസ് ക്ലബ്ബ്, അധ്യാപകർ

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം. | ലക്ഷ്യം. |
|---|---|---|
| 1. ലാബ് പുനർക്രമീകരണം<br>2. ലഘുപരീക്ഷണങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ സംഘടിപ്പിക്കൽ<br>3. ലഘുപരീക്ഷണങ്ങൾ ഉൾപ്പെട്ട ഒരു പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>4. ഓരോ ക്ലാസ്സിനും ആവശ്യമായ പ്രവർത്തനങ്ങളും തരംതിരിക്കുന്നു.<br>5. ഓരോ ക്ലാസ്സിനും ആവശ്യമായ പ്രവർത്തനങ്ങൾ തരംതിരിക്കുന്നു. | ജൂൺ 3 to 15 | 1-5. ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം വിദ്യാലയത്തിൽ ഒരുക്കുക. ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണങ്ങൾ തരംതിരിച്ച് നടപ്പാക്കുക. |

| | | |
|---|---|---|
| 12. ഭാഷാപഠനത്തിൽ ശ്രദ്ധ. വായന, പുസ്തകങ്ങളു ടെ ലോകത്തിലേക്കെത്തൽ | | 9. ഭാഷാ ശേഷി, സർഗ്ഗശേഷി പരിപോഷണം<br>10. ദിനങ്ങൾ / സ്മൃതികൾ സംഘടനാ പ്രവർത്തനങ്ങൾ<br>11/12. വായന, എഴുത്ത് ശേഷി വർദ്ധിപ്പിക്കൽ. ആത്മവിശ്വാസം, സർഗ്ഗശേഷി ഉണർത്തൽ. പ്രവർത്തനങ്ങളിൽ സജീവതയോടെ ഉൾപ്പെടുത്തൽ |

## SED (Speak English Daily)

### ലക്ഷ്യങ്ങൾ

ഇംഗ്ലീഷ് ഭാഷാപ്രയോഗചതുരത വർദ്ധിപ്പിക്കൽ, ഭാഷയുടെ അടിസ്ഥാന വസ്തുതകൾ ഉപയോഗപ്പെടുത്തൽ, ഇംഗ്ലീഷിൽ താത്പര്യം വർദ്ധിപ്പിക്കൽ, ഇംഗ്ലീഷിനോടുള്ള ഭയം മാറ്റി അനായാസ പഠനസാധ്യമാക്കൽ.

ഗുണഭോക്താക്കൾ : 2,3, 4 ക്ലാസ്സിലെ കുട്ടികൾ

നിർവ്വഹണച്ചുമതല : SRG, ഇംഗ്ലീഷ് ക്ലബ്ബ്

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ലക്ഷ്യം. |
|---|---|---|
| 1. പ്രവർത്തനപാക്കേജ് തയ്യാറാക്കൽ<br>2. ഇംഗ്ലീഷ് വീഡിയോ ക്ലിപ്പുകൾ, കാർട്ടൂൺ, സ്ലൈഡ്പ്രസന്റേഷൻ,<br>3. ചിത്രങ്ങൾ, ഓഡിയോ ക്ലിപ്പുകൾ etc. സമാഹരണം. | ജൂൺ 3-15 | 1,2 കുട്ടികൾക്ക് ICT വഴിയും സിനിമ ചിത്രങ്ങൾ, കാർട്ടൂണുകൾ എന്നിവയിലൂടെ താത്പര്യം പഠനം വളർത്തുന്നതിനായി ഉപയോഗിക്കുന്നു. |
| 3. പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ നിലവാരത്തിനനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു. | | ഭിന്ന നിലവാരക്കാർക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ |
| 4. ബുള്ളറ്റിൻബോർഡ് സജ്ജമാക്കൽ | | കാർട്ടൂണുകൾ, ചിത്രങ്ങൾ |

| | | |
|---|---|---|
| | | ഉടൻ ഉച്ചാരണ സൃഷ്ടിക്ക് etc. ഉപയോഗിക്കൽ |
| കുട്ടികൾക്ക് പ്രത്യേകം നോട്ട് ബുക്കുകൾ നൽകൽ | | 5. വ്യക്തമായ പഠന നേട്ടം, തെളിവ് ലഭ്യമാക്കൽ |
| 6. വിവിധ പഠനപ്രവർത്തനങ്ങൾ ഉച്ചാരണപരിശീലനം സ്വയം വാക്യരൂപീകരണം, കാലിഗ്രാഫി, സ്കിറ്റ് പ്രവർത്തനങ്ങൾ. കാർട്ടൂണുകൾ/ ചിത്രങ്ങൾക്ക് അടിക്കുറിപ്പ് (പോർട്ട്ഫോളിയോ) | | 6. പഠനവിഭവസാധ്യതകൾ ഉൾപ്പെടുത്തി, ദിനപ്പത്രവാർത്തകൾ ഭാഷാപ്രയോഗ നൈപുണി വർദ്ധിപ്പിക്കൽ, ഉച്ചാരണം മെച്ചപ്പെടുത്തൽ. |
| 7. മൂന്നാം ഘട്ട വിലയിരുത്തൽ | | പഠനവിഭവസാധ്യതകൾ ഉൾപ്പെടുത്തി ദിനപ്പത്രവാർത്തകളുടെ ഭാഷാപ്രയോഗ ശേഷിയും ഉച്ചാരണവും മെച്ചപ്പെടുത്തൽ |
| 8. പുനർ [illegible] നിർണ്ണയം. | | |
| 9. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | | 8.9, പരിശീലനത്തിലെ ഘട്ടത്തിൽ പിന്നാക്കക്കാർക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി നൽകുന്നതിന്. |

10. സർഗ്ഗാത്മക രചനാ പരിശീലനം.

- ചെറുവായന സാഹചര്യങ്ങൾ നൽകുന്നു.
- ഇതിനെ അടിസ്ഥാനമാക്കിയുള്ള രചനകൾ
- ചിത്രങ്ങൾ, വീഡിയോകൾ, വിഷയങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ള രചനകൾ

→ മെച്ചപ്പെടുത്തൽ
→ സ്വതന്ത്ര രചന.

- മെച്ചപ്പെടുത്തൽ

11. ഭാഷാ പരിശീലനം.

→ സംഭാഷണ രൂപീകരണം
- അവതരണം - നാടകരൂപത്തിലാക്കൽ
→ അവതരണം.
- ഡബ്ബിംഗ് (വീഡിയോകൾ)
- അഭിമുഖങ്ങൾ.

12. ആസ്വാദന പരിശീലനം.

- വായനാസാമഗ്രികൾ ഉറക്കെ വായിക്കൽ
- റെക്കോർഡിംഗ്.
→ സമാനമായിട്ടുള്ളവരുടെ ഓഡിയോ കേൾക്കാം.
→ നിരന്തരം.

| | | |
|---|---|---|
| ക്ലാസ് വായന (നാടകീയത)<br>- ആവർത്തന പ്രവർത്തനങ്ങൾ നൽകുന്നു.<br>- വിലയിരുത്തൽ<br>- മെച്ചപ്പെടുത്തൽ<br>- പ്രദർശനം (അസംബ്ലി, കോർണർ PTA, ബാലസഭ, ആകാശവാണി etc) | | |
| 13. വിലയിരുത്തൽ<br>→ പൊതുസദസ്സിൽ പ്രദർശനം. | | |
| 14. രചനകളുടെ ക്രോഡീകരണം ഹസ്തമാസികയിലേക്ക്. | മെച്ചപ്പെടുത്തി. | 13.14. പൊതുസമൂഹത്തെ ബോധ്യപ്പെടുത്തൽ, കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ. |
| | | |

# രസഗണിതം

1. കുട്ടികൾക്ക് ഗണിതത്തോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തുക.
2. ഗണിതം ആസ്വാദ്യകരമാക്കുക.
3. ചുറ്റുപാടുകളുള്ള ഗണിതവസ്തുതകൾ ബോധ്യപ്പെടുത്തുക
4. എല്ലാ കുട്ടികളിലും ഗണിതത്തിന്റെ അടിസ്ഥാനവസ്തുതകൾ ഉറപ്പിക്കുക.

ഉപഭോക്താക്കൾ : ഒന്നുമുതൽ നാലുവരെ ക്ലാസിലെ കുട്ടികൾ.

നിർവഹണം : അധ്യാപകർ

| പ്രവർത്തനങ്ങൾ | കാലയളവ് | ലക്ഷ്യം. |
|---|---|---|
| 1. പ്രീടെസ്റ്റ് നടത്തി മുഴുവൻ കുട്ടികളെയും വിവിധ നിലവാരത്തിലുള്ള ഗ്രൂപ്പുകളാക്കുന്നു.<br>2. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വ്യത്യസ്തമായിട്ടുള്ള പ്രവർത്തനങ്ങൾ അനുഭവങ്ങൾ ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട വസ്തുക്കൾ എണ്ണിയെടുക്കൽ, അളന്നെടുക്കൽ | ജൂൺ 1-15 | 1, 2 ഓരോ ക്ലാസിനും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നതിന്, ദൈനംദിന അനുഭവവേദ്യമാകുന്ന ഗണിതാനുഭവങ്ങൾ നൽകുന്നതിന് പരിചിത സാഹചര്യങ്ങളിലെ ഗണിതത്തിന്റെ സ്വാധീനവും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിന്. |

| | | |
|---|---|---|
| ഡാറ്റകൾ കൈകാര്യം ചെയ്യൽ. വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് നിർണ്ണയിക്കൽ രേഖപ്പെടുത്തൽ. വസ്തുക്കളുടെ നീളം വീതി അളക്കൽ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു പ്രവർത്തനപാക്കേജ് തയാറാക്കുന്നു. | | |
| 3. പ്രവർത്തനങ്ങളെ ക്ലാസ്സ് അടിസ്ഥാനത്തിൽ നൽകാവുന്നവ തരംതിരിച്ച് രേഖപ്പെടുത്തുന്നു. | | 3,4. ഓരോ ക്ലാസ്സിന്റെ നിലവാരമനുസരിച്ചുള്ള പ്രവർത്തനങ്ങൾ നൽകി കുട്ടികളിൽ ഗണിതാശയം ഉറപ്പിക്കുന്നതിന്. |
| 4 ഓരോ ക്ലാസ്സിലെയും കുട്ടികളെ വെവ്വേറെ ഗ്രൂപ്പുകളിലാക്കി വ്യത്യസ്ത ചുമതലകൾ/പ്രവർത്തനങ്ങൾ നൽകുന്നു. (അധ്യാപകരുടെ മേൽനോട്ടത്തിൽ) ഈ കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നു. | | |
| 5 ഇതിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ച/ഒരുമാസം തുടങ്ങിയ കാലയളവുകളിലേക്ക് ആവശ്യമായ വസ്തുക്കളുടെ അളവ്/എണ്ണം വില | | 5. ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്. |

# രസഗണിതം

1. കുട്ടികൾക്ക് ഗണിതത്തോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തുക.
2. ഗണിതം ആസ്വാദ്യകരമാക്കുക.
3. ചുറ്റുപാടുകളുള്ള ഗണിതവസ്തുതകൾ ബോധ്യപ്പെടുത്തുക
4. എല്ലാ കുട്ടികളിലും ഗണിതത്തിന്റെ അടിസ്ഥാനവസ്തുതകൾ ഉറപ്പിക്കുക.

ഗുണഭോക്താക്കൾ : ഒന്നുമുതൽ നാലുവരെ ക്ലാസിലെ കുട്ടികൾ.

നിർവഹണം : അധ്യാപകർ

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ലക്ഷ്യം. |
|---|---|---|
| 1. പ്രീടെസ്റ്റ് നടത്തി മുഴുവൻ കുട്ടികളെയും വിവിധ നിലവാരത്തിലുള്ള ഗ്രൂപ്പുകളാക്കുന്നു.<br>2. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വ്യത്യസ്തമായിട്ടുള്ള പ്രവർത്തനങ്ങൾ അനുഭവങ്ങൾ ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട വസ്തുക്കൾ എണ്ണിയെടുക്കൽ, അളന്നെടുക്കൽ | ജൂൺ 1-15 | 1, 2 ഓരോ ക്ലാസിലും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നതിന്, ദൈനംദിന അനുഭവവേദ്യമാകുന്ന ഗണിതാനുഭവങ്ങൾ നൽകുന്നതിന് പരിചിത സാഹചര്യങ്ങളിലെ ഗണിതത്തിന്റെ സ്വാധീനവും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിന്. |

| | | |
|---|---|---|
| ഘനങ്ങൾ കൈകാര്യം ചെയ്യൽ. വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് നിരീക്ഷിക്കൽ രേഖപ്പെടുത്തൽ. വസ്തുക്കളുടെ നീളം വീതി അളക്കൽ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു പ്രവർത്തനപാക്കേജ് തയാറാക്കുന്നു. | | |
| 3. പ്രവർത്തനങ്ങളെ ക്ലാസ്സ് അടിസ്ഥാനത്തിൽ നൽകാവുന്നവ തരംതിരിച്ച് രേഖപ്പെടുത്തുന്നു. | | 3, 4. ഓരോ ക്ലാസ്സിനും നിലവാരമനുസരിച്ചുള്ള പ്രവർത്തനങ്ങൾ നൽകി കുട്ടികളിൽ ഗണിതാശയം ഉറപ്പിക്കുന്നതിന്. |
| 4 ഓരോ ക്ലാസ്സിലെയും കുട്ടികളെ വെവ്വേറെ ഗ്രൂപ്പുകളിലാക്കി വ്യത്യസ്ത ചുമതലകൾ/പ്രവർത്തനങ്ങൾ നൽകുന്നു. (അധ്യാപകരുടെ മേൽനോട്ടത്തിൽ) ഈ കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നു. | | |
| 5 ഇതിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ച/ഒരുമാസം തുടങ്ങിയ കാലയളവുകളിലേക്ക് ആവശ്യമായ വസ്തുക്കളുടെ അളവ്/എണ്ണം വില | | 5. ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്. |

| | | |
|---|---|---|
| തുടങ്ങിയവ ഉൾപ്പെടുന്നു. പ്രായോഗിക പ്രശ്നങ്ങളിലേക്ക്. | 2025 ജനുവരി ഫെബ്രുവരി. | |
| ~~6. [illegible]~~<br>6. വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബില്ലുകൾ, വൗച്ചറുകൾ etc ഒട്ടിച്ച് വെയ്ക്കാനുള്ള അവസരം (3, 4 ക്ലാസ്സ്) | | 6.7, വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഇടപെടാൻ അവസരം നൽകൽ, അളവ്, തൂക്കം വില, കൂടുതൽ കുറവ്, ലാഭനഷ്ടം ആശയങ്ങൾ ഉറപ്പിക്കൽ |
| 7. കുട്ടികൾ തയ്യാറാക്കിയ വിവരങ്ങൾ റിപ്പോർട്ടുകൾ etc. രക്ഷാകർതൃ യോഗങ്ങൾ സി.പി.ടി.-യിൽ പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി. | |